പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 5515

01.07.2019 - ൽ മറുപടിക്ക്

## കെയർഹോം പദ്ധതിക്ക് സഹകരണസംഘങ്ങളുടെ സാമ്പത്തികസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോർജ് എം. തോമസ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | സഹകരണ വകുപ്പ് നടപ്പാക്കിയ കെയർഹോം പദ്ധതിയ്ക്കായി സംസ്ഥാനത്തെ സഹകരണസംഘങ്ങൾ സാമ്പത്തികസഹായം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ; | എ) | സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന കെയർ ഹോം പദ്ധതിയ്ക്കായി സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കെയർ ഹോം പദ്ധതിയുടെ ആദ്യ ഘട്ട പ്രവർത്തനങ്ങൾക്കായി തുക സംഭാവന നൽകാൻ കഴിവുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും 44,98,12,052/- രൂപയുടെ ചെക്കുകൾ സമാഹരിച്ച് സി.എം.ഡി.ആർ.എഫ്-ൽ നിക്ഷേപിക്കുകയും സർക്കാർ ടി തുക പദ്ധതിയ്ക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സഹകരണ വകുപ്പിന്റെ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും 35,00,00,000/- രൂപ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ലഭിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ അവരുടെ 2017-18 സാമ്പത്തിക വർഷത്തെ പ്രവർത്തന ലാഭത്തിൽ നിന്നും വ്യക്തിഗത അംഗങ്ങൾക്ക് ലാഭവിഹിതമായി നീക്കി വയ്ക്കുന്ന തുക പൊതുയോഗത്തിന്റെ അംഗീകാരത്തോടുകൂടി കെയർ ഹോം പദ്ധതിക്ക് സംഭാവനയായി അനുവദിക്കുന്നുണ്ട്. 22.06.2019 വരെ ടി ഇനത്തിൽ 36,72,71,714.70 രൂപ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | സഹകരണ സംഘങ്ങളിൽ നിന്നും ലഭിച്ച സാമ്പത്തിക സഹായത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | ബി) | സഹകരണ സംഘങ്ങളിൽ നിന്നും ലഭിച്ച സാമ്പത്തിക സഹായത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.<br>സഹകരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ലാഭവിഹിതം സമാഹരിക്കുന്നതിനായി കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മെയിൻ ശാഖയിൽ സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ ആരംഭിച്ചിട്ടുള്ള പൂൾ അക്കൌണ്ടിലേയ്ക്ക് സഹകരണ സ്ഥാപനങ്ങൾ 22.06.2019 വരെ നേരിട്ട് നിക്ഷേപിച്ച തുകയിൽ 10,89,25,042.88 രൂപ റെക്കൻസിലിയേഷൻ ചെയ്തു വരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | ജില്ല | സി.എം.ഡി. ആർ. എഫ് ൽ നിക്ഷേപിച്ച് മാറ്റി ലഭിച്ച തുക | ലാഭവിഹിതം സംഭാവനയായി അനുവദിച്ചത് |
|---|---|---|---|
| 1. | തിരുവനന്തപുരം | 3,98,87,084 | 1,49,83,513.00 |
| 2. | കൊല്ലം | 3,44,50,001 | 61,50,435.00 |
| 3. | പത്തനംതിട്ട | 66,02,500 | 1,50,000.00 |
| 4. | ആലപ്പുഴ | 91,75,000 | 16,47,445.00 |
| 5. | കോട്ടയം | 3,03,50,000 | 2,01,59,377.54 |
| 6. | ഇടുക്കി | 50,00,000 | 3,51,026.00 |
| 7. | എറണാകുളം | 4,58,08,560 | 7,98,21,381.58 |
| 8. | തൃശ്ശൂർ | 5,03,24,300 | 3,16,70,763.00 |
| 9. | പാലക്കാട് | 4,45,38,000 | 5,73,25,753.98 |
| 10. | മലപ്പുറം | 4,24,50,000 | 1,01,24,376.11 |
| 11. | കോഴിക്കോട് | 4,92,55,721 | 1,75,04,673.61 |
| 12. | വയനാട് | 48,20,791 | 11,35,137.00 |
| 13. | കണ്ണൂർ | 6,77,03,205 | 1,14,30,507.00 |
| 14. | കാസർഗോഡ് | 1,89,46,890 | 58,92,283.00 |
| 15. | സംസ്ഥാന സഹകരണ യൂണിയൻ | 5,00,000 | |
| | ആകെ | 44,98,12,052 | 25,83,46,671.82 |